# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2155 16.08.2017- ൽ മറുപടിക്ക്**

## കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്ന തിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.<br>2)പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>3)ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>4)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>5)ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>6)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂബേറ്റർ.<br>7)നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾ ക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.<br>8)അംശദാന സമ്പാദ്യ പദ്ധതി.<br>9)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).<br>10)വിപണന കയറ്റുമതി പ്രോത്സാഹനം.<br>11)കൈത്തറി സംഘങ്ങളുടെ ആധുനികവൽ ക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.<br>12) ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി.<br>13)പരിശീലനം, നൈപുണ്യം, ശേഷി വികസനം.<br>14)കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.<br>15) കൈത്തറി തൊഴിലാളികളുടെ സർവ്വേ. |
| (ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ; | (ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായ മായ വിലയ്ക്ക്, കണ്ണൂരിലുള്ള നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും യാൺ ബാങ്കുകൾ വഴി യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാ |

ക്കുന്നതിന് 'ഹാങ്ക് യാൺ സബ്സിഡി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കഴിനൂൽ വാങ്ങുന്നതിനുള്ള സബ്സിഡി, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവയും സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സബ്സിഡി നെയ്ത്തുകാർക്ക് നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നു.

(സി) ഉത്പന്നങ്ങളുടെ വിപണനത്തിന് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) കൈത്തറി ഉൽപന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ,പ്രാദേശിക ഉത്സവങ്ങൾ പോലുള്ള അവസരങ്ങളിൽ എക്സ്പോകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 20% റിബേറ്റും വിൽപനയ്ക്ക് അനുവദിക്കുന്നു (വർഷം 56 ദിവസം).

നാഷണൽ ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള ഏജൻസികൾ സംഘടിപ്പിക്കുന്ന ദേശീയ, അന്തർദേശീയ മേളകളിലും പ്രാദേശിക കൈത്തറി മേളകളിലും പങ്കെടുക്കുന്നതിനും പ്രാഥമിക കൈത്തറി സഹകരണ നെയ്ത്തുസംഘങ്ങൾ/ഹാന്റക്സ്/ഹാൻവീവ് എന്നിവർക്കും ധനസഹായം നൽകി വരുന്നു.

(ഡി) ഉത്സവ കാലത്ത് ഗവൺമെന്റ് പ്രഖ്യാപിക്കുന്ന റിബേറ്റ് അനുവദിക്കുന്ന സംഘങ്ങൾക്ക് സഹായ ധനം ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

(ഡി) റിബേറ്റ് വിൽപന കാലാവധി കഴിഞ്ഞ് ഒരു മാസത്തിനകം റിബേറ്റ് ക്ലെയിമിനുള്ള അപേക്ഷയും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ഹാന്റ്ലൂം സർക്കിൾ ഇൻസ്പെക്ടർ മുഖാന്തരം അതാത് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർക്ക് സംഘങ്ങൾ സമർപ്പിക്കുന്നു. ജനറൽ മാനേജർമാരുടെ ശുപാർശയോടെ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തുകയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള സംഘങ്ങൾക്ക് റിബേറ്റ് ക്ലെയിം അനുവദിക്കുകയും ചെയ്യുന്നു. സംഘങ്ങൾക്ക് അനുവദിക്കുന്ന തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകി ഓരോ സംഘത്തിന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് ജനറൽ മാനേജർമാരെ ചുമതലപ്പെടുത്തുന്നു.

സെക്ഷൻ ഓഫീസർ